# ഗനൂശിയുടെ ജനാധിപത്യ വീക്ഷണം

■ *ജനാധിപത്യത്തിലെ, ജനങ്ങളാണ് നിയമം നിർമിക്കേണ്ടത് എന്ന വശം ദൈവത്തിന്റെ പരമാധികാര(ഹാകിമിയ്യത്ത്)വുമായി ഏറ്റുമുട്ടുന്നതിനാൽ ശിർക്കും കടുത്ത പാപവുമാണെന്നും അതോടൊപ്പം ജനങ്ങൾക്ക് തുല്യാവകാശവും സുതാര്യ നിലപാടും തുല്യാവസരവും ലഭിക്കുന്ന ജനാധിപത്യത്തിന്റെ വശം തികച്ചും ഇസ്‌ലാമികവും നന്മയുമാണെന്നുമാണല്ലോ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും ഇതഃപര്യന്തം പറഞ്ഞുവന്നത്. എന്നാൽ ജനാധിപത്യവുമായി പൂർണമായി സന്ധിചെയ്ത പ്രശസ്ത ചിന്തകൻ റാശിദുൽ ഗനൂശിയെ തങ്ങളുടെ ഔദ്യോഗിക സ്ഥാപനമായ ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ വാർഷികത്തിലേക്ക് പ്രസ്ഥാനം വിളിച്ചു വരുത്തിയതിന്റെ ഉദ്ദേശ്യമെന്താണ്? അദ്ദേഹം തന്റെ പ്രസംഗത്തിൽ 'ജനാധിപത്യത്തിൽ മുമ്പ് മതനിരാസത്തിന്റെ അംശമുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ അങ്ങനെയല്ല'* (മാധ്യമം, *ഫെബ്രു. 25) എന്നു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ജമാഅത്തെ ഇസ്‌ലാമിയുടെ താത്ത്വികമായ തിരുത്തായി മനസ്സിലാക്കുന്നതിൽ തെറ്റുണ്ടോ? തെറ്റുപറ്റിയത് മൗദൂദിക്കാണോ ഗനൂശിക്കാണോ?*

***മുഹമ്മദ് അബ്ദുല്ലാഹ് കണ്ണൂർ***

**പ്രത്യക്ഷത്തിൽ** തോന്നാവുന്ന വൈരുധ്യം മാത്രമേ സയ്യിദ് മൗദൂദിയുടെയും ടുനീഷ്യൻ ചിന്തകനായ റാശിദുൽ ഗനൂശിയുടെയും വീക്ഷണഗതികളിലുള്ളൂ. അടിസ്ഥാനപരമായി ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഇരു നായകരും ഒരേ ഭൂമികയിൽ തന്നെയാണ് നിലയുറപ്പിച്ചിരിക്കുന്നത്. സ്രഷ്ടാവും സംരക്ഷകനുമായ ജഗന്നിയന്താവിന്റെ പരമാധികാരത്തെ നിരാകരിക്കുന്നതോ നിഷേധിക്കുന്നതോ ആയ ഒരു ഭരണ വ്യവസ്ഥയെയും മൗദൂദി മാത്രമല്ല ഗനൂശിയടക്കമുള്ള ചിന്തകരും അംഗീകരിക്കുന്നില്ല. എന്നാൽ ബ്രിട്ടീഷിന്ത്യയിൽ പാശ്ചാത്യ സങ്കൽപത്തിലുള്ള മുതലാളിത്ത ജനാധിപത്യം, അന്യൂനവും സർവോൽകൃഷ്ടവുമായ ഭരണസംവിധാനമായി അവതരിപ്പിക്കപ്പെട്ടു കൊണ്ടിരുന്നപ്പോൾ അതിന്റെ അപകടകരമായ മറുവശം ചൂണ്ടിക്കാട്ടിയ മൗദൂദി, ഇസ്‌ലാമിക ഭരണക്രമത്തെ തീർത്തും ജനാധിപത്യപരമായിത്തന്നെയാണ് വിഭാവന ചെയ്തതെന്ന് അദ്ദേഹത്തിന്റെ കൃതികൾ തെളിയിക്കുന്നു. സത്യാസത്യങ്ങളുടെയും നന്മതിന്മകളുടെയും അവസാന തീർപ്പ് മനുഷ്യബുദ്ധിക്കും ജനഹിതത്തിനും വിടുന്നതിലെ അബദ്ധമാണ് ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം വ്യക്തമാക്കിയത്. അതേയവസരത്തിൽ ഇസ്‌ലാമിക സ്റ്റേറ്റിലും ഭരണാധികാരിയെ തെരഞ്ഞെടുക്കേണ്ടത് ഖുറൈശി കുടുംബ വാഴ്ചയടക്കം സർവവിധ പക്ഷപാതിത്വങ്ങളിൽനിന്നും മുക്തരായി ജനങ്ങൾ തന്നെയാണെന്ന് അദ്ദേഹം അസന്ദിഗ്ധമായി വിശദീകരിച്ചിട്ടുണ്ട്. ഭരണാധികാരിയാകട്ടെ അല്ലാഹുവിനു ശേഷം ജനങ്ങളോടാണ് ഉത്തരവാദപ്പെട്ടിരിക്കുന്നതെന്നും ഊന്നിപ്പറഞ്ഞിരിക്കുന്നു. 'ചുരുക്കത്തിൽ സോവിയറ്റ് റഷ്യയിലെയും നാസി ജർമനിയിലെയും ഫാഷിസ്റ്റ് ഇറ്റലിയിലെയും ഏകാധിപതികൾ സ്വന്തം കൈയിലെടുത്തിരുന്നതോ തുർക്കിയിൽ അത്താതുർക്ക് സ്വായത്തമാക്കിവെച്ചതോ ആയ സ്വേഛാധികാരങ്ങളൊന്നും ഇസ്‌ലാം അതിന്റെ അമീറിന് അനുവദിക്കുന്നില്ല' (അബുൽ അഅ്‌ലാ മൗദൂദി - *ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തം*, ഐ.പി.എച്ച്, ആറാം പതിപ്പ് 2001, പേജ്: 35). ഇന്ത്യ വിഭജിച്ച് പാകിസ്താൻ നിലവിൽ വന്നതിൽ പിന്നെ ആ രാജ്യത്ത് ഒരു ഇസ്‌ലാമിക ജനാധിപത്യ വ്യവസ്ഥ സ്ഥാപിക്കാനാണ് മൗദൂദിയുടെ നേതൃത്വത്തിൽ പാക് ജമാഅത്തെ ഇസ്‌ലാമി നിരന്തരം ശ്രമിച്ചുവന്നത്. 1956-ലെയും 1973-ലെയും പാകിസ്താൻ ഭരണഘടനകൾ ഈ ശ്രമങ്ങളുടെ ഗുണഫലങ്ങളായിരുന്നു. 1969-ൽ ജനറൽ അയ്യൂബ്ഖാന്റെ പട്ടാളഭരണത്തിനെതിരെ ജനാധിപത്യ പുനഃസ്ഥാപന പ്രക്ഷോഭത്തിന് വിജയകരമായി നേതൃത്വം നൽകിയതുതന്നെ മൗദൂദിയായിരുന്നു. 1964-ൽ അയ്യൂബ്ഖാനെതിരെ ജനാധിപത്യ പുനഃസ്ഥാപനം ലക്ഷ്യമാക്കി പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിച്ച മിസ് ഫാത്വിമ ജിന്നയെ മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും പിന്താങ്ങിയതും സ്മരണീയമാണ്. വർത്തമാനകാലത്ത് പ്രസിഡന്റ് ജനറൽ പർവേസ് മുശർറഫിന്റെ സൈനിക ഭരണത്തിനെതിരെ ജനാധിപത്യത്തിനായി രംഗത്തുള്ള പ്രസ്ഥാനവും ജമാഅത്തെ ഇസ്‌ലാമിയാണ്. ഇതൊന്നും കാണാതെ മൗദൂദിയെ ജനാധിപത്യ വിരുദ്ധനായി അവതരിപ്പിക്കുന്നവർ, ജനാധിപത്യ പ്രേമം കൊണ്ടല്ല അന്ധവും അയുക്തികവുമായ ഇസ്‌ലാം വിരോധത്തിന്റെ പേരിലാണത് ചെയ്യുന്നത്.

മുസ്‌ലിംകൾ ന്യൂനപക്ഷമായ മതേതര ജനാധിപത്യ രാജ്യങ്ങളെ സംബന്ധിച്ചേടത്തോളം കരണീയമായ രാഷ്ട്രീയ നിലപാട്, പാർലമെന്ററി ജനാധിപത്യത്തിലും തെരഞ്ഞെടുപ്പുകളിലും പങ്കെടുക്കലാണെന്നും മൗദൂദി യഥാസമയം അഭിപ്രായപ്പെട്ടിട്ടുണ്ട്. തന്നെ വന്നുകണ്ട ദക്ഷിണാഫ്രിക്കൻ മുസ്‌ലിം പ്രതിനിധി സംഘത്തോടും ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനപ്രവർത്തകരോടും അദ്ദേഹത്തിന്റെ ഉപദേശം അതായിരുന്നു. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അത്തരമൊരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നതും. ഹബീബ് ബുർഖീബയുടെയും തുടർന്ന് സൈനുൽ ആബിദീൻ ബിൻ അലിയുടെയും വൃത്തികെട്ട സ്വേഛാധിപത്യത്തിന്റെ പീഡനം ഏറ്റുവാങ്ങിയ ടുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാന നേതാവ് റാശിദുൽ ഗനൂശി ജനാധിപത്യത്തോടു കാട്ടുന്ന ഗൃഹാതുരത്വം തീർത്തും സ്വാഭാവികമാണ്. ജനിച്ചു വളർന്നു പ്രവർത്തന രംഗത്തിറങ്ങുന്ന പശ്ചാത്തലവും സാഹചര്യങ്ങളും നിശ്ചയമായും മനുഷ്യരിൽ സ്വാധീനം ചെലുത്താതിരിക്കില്ല. ഹസനുൽബന്നയോ മൗദൂദിയോ ഗനൂശിയോ നജ്മുദ്ദീൻ അർബകാനോ ഒന്നും ഇതിന്നപവാദമല്ല.

## സച്ചാർ കമ്മിറ്റി: ബി.ജെ.പിയുടെ പ്രതികരണം

■ *'മുസ്‌ലിം സമുദായത്തെക്കുറിച്ച് ഒരു പഠനവും സച്ചാർ നടത്തിയുമില്ല. ഒരു മത വിഭാഗത്തെക്കുറിച്ച് പഠിക്കുമ്പോൾ അത് സമഗ്രമാകണം. ഇവിടെ അതൊന്നും ഉണ്ടായില്ല. പാലോളി റിപ്പോർട്ടും വസ്തുതകൾ പഠിക്കാതെയാണ് തയാറാക്കിയത്. കച്ചവട-വ്യവസായ-വാണിജ്യ-വ്യാപാര രംഗത്ത് മുസ്‌ലിംകൾ മുന്നിലാണ്. ഗൾഫിലെ 25 ലക്ഷത്തോളം വരുന്ന മലയാളികളിൽ 50 ശതമാനവും മുസ്‌ലിംകളാണ്. ഹൈന്ദവർ ഈ മേഖലയിൽ വളരെ പിന്നാക്കവുമാണ്. ഈ മേഖലയിൽനിന്നുള്ള മുസ്‌ലിംകളുടെ വരുമാനം സച്ചാർ കാണാതെ പോയി. ഇതേക്കുറിച്ചും പഠനം വേണം. ഭൂമി കൈയേറ്റത്തിന് പിന്നിൽ മുസ്‌ലിംകളാണ് പ്രവർത്തിക്കുന്നത്. ഇവർ വാങ്ങിക്കൂട്ടിയ ഭൂമിയെക്കുറിച്ച് സച്ചാർ കാണാതെ പോയി. എസ്.സി, എസ്.ടി വിഭാഗങ്ങൾക്കുള്ള ആനുകൂല്യം പോലും കൃത്യമായി നൽകാത്ത സർക്കാർ മുസ്‌ലിംകളെ പ്രീണിപ്പിക്കുകയാണ്. 24 എഞ്ചിനീയറിംഗ് കോളേജുകൾ മുസ്‌ലിം സമുദായത്തിനുണ്ട്. 10 മെഡിക്കൽ കോളേജുകളിൽ മൂന്നും മുസ്‌ലിംകളുടെ കൈകളിലാണ്. മത-ആരാധനാ സ്വാതന്ത്ര്യങ്ങൾ ഹനിക്കപ്പെട്ടാൽ അതിൽ ഇടപെടാൻ ഗവൺമെന്റിന് അവകാശമുണ്ട്. എന്നാൽ പട്ടിണിയും ദാരിദ്ര്യവും മുസ്‌ലിംകൾക്ക് മാത്രമാണെന്ന് പറയുന്നത് ശരിയല്ല.'*

*ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് പി.കെ കൃഷ്ണദാസിന്റെ പത്രസമ്മേളന റിപ്പോർട്ട് (മാധ്യമം 2008 ഫെബ്രുവരി 26). മുജീബിന്റെ പ്രതികരണം?*

***കെ.പി റഫീഖ് ചാലാട്***

**കണ്ണടച്ച്** ഇരുട്ടാക്കാനും പച്ചക്കള്ളങ്ങൾ കണ്ണും ചിമ്മി തട്ടിവിടാനും സംഘ്പരിവാറിനുള്ള ചങ്കൂറ്റം അപാരമാണ്. കാണ്ഡഹാറിലേക്ക് തീവ്രവാദികൾ ഇന്ത്യൻ വിമാനം തട്ടിക്കൊണ്ടുപോയപ്പോൾ അവരുടെ ആവശ്യങ്ങളിലൊന്ന് കോയമ്പത്തൂർ ജയിലിൽ കഴിയുന്ന അബ്ദുന്നാസിർ മഅ്ദനിയെ മോചിപ്പിക്കണമെന്നതാണെന്ന വെള്ളം ചേർക്കാത്ത കള്ളം രാജ്യത്തോട് വിളിച്ചു പറഞ്ഞത് അന്ന് കേന്ദ്രമന്ത്രിസഭാംഗമായിരുന്ന കേരളത്തിലെ ബി.ജെ.പി നേതാവായിരുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് അപ്പടി തള്ളിക്കളയണമെന്ന് ആവശ്യപ്പെടുന്ന പാർട്ടിയാണ് ബി.ജെ.പി. റിപ്പോർട്ട് സമഗ്രമല്ലാത്തതല്ല കാരണം. മതന്യൂനപക്ഷങ്ങൾ എന്ന ഒരു കൂട്ടർ ഇന്ത്യയിൽ ഇല്ലേയില്ലെന്നും അവർക്ക് ഭരണഘടന നൽകിയ പരിരക്ഷ പോലും എടുത്തുകളയണമെന്നുമുള്ള ഹിന്ദുത്വ തീവ്രവാദമാണ് സച്ചാർ വിരോധത്തിന്റെ പിന്നിൽ. അല്ലാത്തപക്ഷം സച്ചാർ കമ്മിറ്റി 15 സംസ്ഥാനങ്ങൾ സന്ദർശിച്ച് തെളിവെടുപ്പ് നടത്തിയപ്പോഴോ ന്യൂദൽഹിയിൽ ഒരു വർഷത്തിലധികം അതിന്റെ ഓഫീസ് പ്രവർത്തിച്ചപ്പോഴോ ബി.ജെ.പിക്ക് നേരിൽ ഹാജരായി അവരുടെ വാദഗതികളും നിലപാടുകളും അവതരിപ്പിക്കാമായിരുന്നു. അത് ചെയ്തില്ലെന്നു മാത്രമല്ല പ്രതിരോധ സർവീസിലെ മുസ്‌ലിം പ്രാതിനിധ്യത്തെക്കുറിച്ച് പഠിക്കാൻ കമ്മിറ്റി ശ്രമിച്ചപ്പോൾ അതിനെതിരെ പാർലമെന്റിനകത്തും പുറത്തും ബഹളം വെച്ച് ആ നീക്കം തന്നെ തടഞ്ഞു. എന്നിട്ടിപ്പോൾ റിപ്പോർട്ട് സമഗ്രമല്ലെന്ന് കുറ്റാരോപണവും!

സച്ചാർ-പാലോളി കമ്മിറ്റി റിപ്പോർട്ടുകൾക്കെതിരെ ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് ഉന്നയിക്കുന്ന ന്യായങ്ങളോ? സച്ചാർ കമ്മിറ്റി റിപ്പോർട്ട് ഒരു തവണയെങ്കിലും വായിക്കാൻ സമയം കണ്ടെത്തുന്നവർക്കറിയാം ഈ ന്യായങ്ങളിലെ അന്യായം. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും സർക്കാർ സർവീസിലും തൊഴിൽ വ്യവസായ മേഖലകളിലും കണക്കുകളും വസ്തുതകളും ഉദ്ധരിച്ചുതന്നെയാണ് കമ്മിറ്റി മുസ്‌ലിംകളുടെ ശോച്യാവസ്ഥ വരഞ്ഞുകാണിച്ചിരിക്കുന്നത്. വസ്തുതകളെ എതിർക്കേണ്ടത് വസ്തുതകൾ കൊണ്ടാണ്, ഇരുട്ടിൽ അമ്പെയ്തുകൊണ്ടല്ല. കേരളീയ മുസ്‌ലിംകൾ ഗൾഫിലുണ്ട്. മുസ്‌ലിംകൾ മാത്രമല്ല ഹിന്ദുക്കളും ക്രിസ്ത്യാനികളുമുണ്ട്. ഗൾഫിൽ മാത്രമല്ല അമേരിക്കയിലും യൂറോപ്പിലും ആസ്ത്രേലിയയിലുമൊക്കെ ഇന്ത്യക്കാരും കേരളീയരുമുണ്ട്. അവരിൽ എത്രശതമാനം മുസ്‌ലിംകളുണ്ടെന്ന് വെളിപ്പെടുത്താമോ? ഗൾഫ് പ്രവാസികളിൽ തീർച്ചയായും വലിയൊരു വിഭാഗം മുസ്‌ലിംകളാണ്. പക്ഷേ, മീൻപിടിത്തം, ഒട്ടകങ്ങളെ മേയ്ക്കൽ, ക്ലീനിംഗ്, പ്യൂൺ, ഡ്രൈവിംഗ്, പെട്ടിക്കട, വീട്ടുജോലി തുടങ്ങി വരുമാനം തീരെ കുറഞ്ഞ തൊഴിലുകളിലാണ് വലിയൊരു വിഭാഗം. ഗൾഫുകാരായാലും അല്ലെങ്കിലും സമ്പന്നർക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകണമെന്ന് ഒരാളും ആവശ്യപ്പെട്ടിട്ടില്ല. ക്രീമിലെയർ വ്യവസ്ഥ നടപ്പാക്കിയതോടെ സംവരണം പോലും സമ്പന്നർക്ക് ലഭിക്കുന്നുമില്ല. മാനേജ്മെന്റ് തോന്നിയപോലെ ഫീസ് ഈടാക്കുന്ന എൻ.ആർ.ഐ ക്വാട്ടകളിലൂടെ പ്രഫഷനൽ കോളേജുകളിൽ കയറിപ്പറ്റുന്നവരിൽ എല്ലാ മതസ്ഥരുമുണ്ട്. അതുകൊണ്ട് സമുദായത്തിലെ സാധാരണക്കാരുടെ നില മെച്ചപ്പെടുന്നതെങ്ങനെ? ജാതിമത പരിഗണനകളില്ലാതെ ദാരിദ്ര്യമാണ് പരിഗണിക്കപ്പെടേണ്ടതെന്ന് ഇപ്പോൾ വലിയവായിൽ പറയുന്ന ബി.ജെ.പി, കേന്ദ്രം ഭരിച്ചപ്പോൾ ചില്ലിക്കാശ് മുസ്‌ലിം പാവങ്ങളുടെ പട്ടിണിയകറ്റാൻ ചെലവാക്കിയോ? ഭോപാൽ വിഷവാതക ദുരന്തത്തിലെ ആയിരക്കണക്കിൽ മുസ്‌ലിം ഇരകൾക്ക് മറ്റുള്ളവർക്കു നൽകിയ നഷ്ടപരിഹാരം പോലും മധ്യപ്രദേശ് സർക്കാർ നിഷേധിച്ചതും നിഷേധിക്കുന്നതും ദരിദ്രരോടുള്ള സ്നേഹം കൊണ്ടാണോ? ഗുജറാത്ത് കൂട്ടക്കൊലക്ക് ശേഷം സർവസ്വം നഷ്ടപ്പെട്ട് അഭയാർഥികളായവരെ കേന്ദ്രസർക്കാർ ചെലവിൽ പുനരധിവസിപ്പിക്കാൻ പോലും നരേന്ദ്രമോഡി സർക്കാർ വിസമ്മതിക്കുന്നതിലെ നീതിബോധം എന്താണ്? ഇന്ത്യക്കാരിൽ 14 ശതമാനം വരുന്ന ഒരു പിന്നാക്ക മതന്യൂനപക്ഷ സമൂഹത്തെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടു വരാതെ രാജ്യത്തിന്റെ സന്തുലിത പുരോഗതിയും വികസനവും സാധ്യമല്ലെന്ന യാഥാർഥ്യം കണക്കിലെടുക്കാതെ അവരെ എക്കാലത്തും വിറകു വെട്ടികളും വെള്ളം കോരികളുമാക്കി നിർത്തി സവർണ മേധാവിത്വം ഫാഷിസത്തിലൂടെ നടപ്പാക്കാനുള്ള സംഘ്പരിവാർ അജണ്ട തിരുത്താൻ ബി.ജെ.പി തയാറുണ്ടോ എന്നതാണ് മൗലികമായ ചോദ്യം. ഇല്ലെങ്കിൽ സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ മാത്രമല്ല ന്യൂനപക്ഷങ്ങളുടെ നിലനിൽപിനെത്തന്നെ അവർ എതിർക്കും. അതിനെ ചെറുത്തു തോൽപിക്കാൻ മതേതര ഇന്ത്യക്ക് സാധിക്കണമെന്നതാണ് കാര്യം.

## ഹമാസ് ഇസ്രയേൽ സൃഷ്ടി?

■ *ലോകപ്രസിദ്ധ പത്രപ്രവർത്തകൻ ഡേവിഡ് ബർസാമിയാൻ ഒരു അഭിമുഖത്തിൽ പറഞ്ഞു: 'ഹമാസ്' ഒരു ഇസ്രയേൽ സൃഷ്ടിയാണ്. 1980-കളിൽ മതേതര സംഘടനയായ പി.എൽ.ഒ-യെ ദുർബലപ്പെടുത്താൻ ഹമാസ് നേതൃത്വ*

*ത്തിന്റെ അറിവോടെ ഇസ്രയേൽ ഹമാസിനെ വളർത്തുകയായിരുന്നു. അക്കാലത്ത് ഹമാസ് പ്രവർത്തകരെ അറസ്റ്റു ചെയ്യാറേ ഇല്ലായിരുന്നു. എന്നാൽ പി.എൽ.ഒ പ്രവർത്തകർ എപ്പോഴും അറസ്റ്റിലായിരുന്നു*(സമകാലിക മലയാളം *വാരിക). ഇതിൽ എത്രത്തോളം വാസ്തവമുണ്ട്?*

***എം.എസ് ഷഫീഖ് പെരിഞ്ഞനം***

**ഡേ**വിഡ് ബർസാമിയാൻ പറഞ്ഞതിൽ ആത്യന്തികമായ ഒരു ശരിയുണ്ട്. ഫലസ്ത്വീൻ ജനതയെ സ്വദേശത്തേക്ക് തിരിച്ചുവന്ന് സ്വതന്ത്ര പരമാധികാര രാജ്യമായി ഭൂമുഖത്ത് കഴിയാൻ ഇസ്രയേൽ അനുവദിച്ചിരുന്നെങ്കിൽ ഹമാസ് പിറവിയെടുക്കേണ്ടി വരുമായിരുന്നില്ല. ആ അർഥത്തിൽ ഇസ്രയേലിന്റെ സൃഷ്ടിയാണ് ഹമാസ്. അല്ലെന്നുണ്ടെങ്കിൽ ബർസാമിയാൻ ലോക ജനാഭിപ്രായത്തെ വഴി തെറ്റിക്കുകയാണ്. യാസർ അറഫാത്തിന്റെ നേതൃത്വത്തിൽ പി.എൽ.ഒ സായുധ പോരാട്ടം അവസാനിപ്പിച്ച് ലോക വൻശക്തികൾക്കും മധ്യപൗരസ്ത്യദേശത്തെ അവരുടെ ദാസന്മാർക്കും കീഴടങ്ങി ജൂതരാഷ്ട്രവുമായി അടിയറവു കരാറിൽ ഒപ്പിടാൻ പോയപ്പോഴാണ് ഹമാസ് ഉദയം ചെയ്തത് എന്നതാണ് യഥാർഥ വസ്തുത. ഇൻതിഫാദയിലൂടെ ഹമാസ് ഫലസ്ത്വീൻ ചെറുത്തു നിൽപ് പ്രസ്ഥാനത്തെ പുനർജനിപ്പിച്ചതിനു ശേഷമാണ് അറഫാത്തിനു പോലും ശ്വാസം നേരെ വീണത്. പി.എൽ.ഒ പോർക്കളത്തിൽ ഉണ്ടായിരുന്നപ്പോൾ ഇസ്രയേൽ അവരെ പിടികൂടിയിരുന്നു. അവർ പിന്മാറിയപ്പോൾ ഹമാസിന്റെ ഊഴമായി. തലപ്പത്ത് മഹ്മൂദ് അബ്ബാസ് എന്ന സയണിസ്റ്റ് നോക്കുകുത്തിയെ പ്രതിഷ്ഠിച്ച് പി.എൽ.ഒയുടെ മുഖ്യഘടകമായ അൽ ഫത്ഹിനെ ഉപയോഗിച്ച് ഹമാസിനെ ഉന്മൂലനം ചെയ്യാനാണ് ഇപ്പോൾ ഇസ്രയേലിന്റെ ശ്രമം.

# ഉദരംമൂലം ബഹുകൃത വേഷം

■ ചോദ്യം: *'ഇരുപതു വർഷമായി ഗൾഫിൽ പോയിട്ട് തിരികെ വരാത്ത ഭർത്താവിനെ തിരികെ എത്തിക്കാൻ ഏതു ദുആയാണ് ചെയ്യേണ്ടത് ഉസ്താദേ?' ഉത്തരം: 'സൂറത്തുൽ ഖസ്വസിലെ 40 മുതൽ 88 വരെയുള്ള ആയത്തുകൾ 948 തവണ ഓതുക.'*

*-ഗൾഫിലുള്ള ഭർത്താവിന്റെ ബിസിനസ്സിൽ അഭിവൃദ്ധിവരാനും, ഖഫീലുമായുള്ള പ്രശ്നങ്ങൾ തീരാനും ഏത് പ്രാർഥനയാണ് നടത്തേണ്ടത് ഉസ്താദേ?*

*-'ആയത്തുൽ കുർസി 1200 തവണ ഓതി ഊതുക.'*

*'ഞാൻ അഞ്ചുനേരം നിസ്കരിക്കുകയും ഖുർആൻ ഓതുകയും ചെയ്യുന്ന ഭക്തയാണ്. എന്നിട്ടും എന്റെ ഭർത്താവിനും ഭർതൃവീട്ടുകാർക്കും എന്നെ ഇഷ്ടമല്ല. ഭർത്താവിന്റെ സ്നേഹം പിടിച്ചുപറ്റാൻ ഞാനെന്താണ് ചെയ്യേണ്ടത് ഉസ്താദേ?*

*-രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ച ശേഷം ഫാതിഹ സൂറയും ഇഖ്ലാസ് സൂറയും 200 തവണ ഓതുക. ഭർത്താവ് സ്നേഹിച്ചു തുടങ്ങും തീർച്ച.*

*25 വർഷമായി ചികിത്സിച്ച് മാറാത്ത അസുഖങ്ങൾ മാറിയതായി ഒരു സഹോദരി എഴുതിയ കത്ത് എന്റെ ഫയലിലുണ്ട്. അതിനായി ഈ പരിപാടിവഴി നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്ക് സംഭാവനകൾ മണി ഓർഡറായി അയക്കുക!*

*എല്ലാ വെള്ളിയാഴ്ചകളിലും ജീവൻ ടി.വിയിൽ ഒരു മൗലവി നടത്തുന്ന ചോദ്യോത്തര പരിപാടിയിൽ നിന്നുള്ള ഭാഗങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. ഇസ്ലാമിൽ ഇങ്ങനെയൊരു ചികിത്സാ രീതിയുണ്ടോ? ക്രിസ്ത്യാനികളുടെ രോഗശാന്തി ശുശ്രൂഷമാതിരിയുള്ള ഈ ഏർപ്പാടിന് എന്താണ് മാനദണ്ഡം?*

***നുഹ ബിൻത് കവ്വായി കണ്ണൂർ***

**ഇ**മ്മാതിരി ഉസ്താദുമാരുടെ ശർറിൽനിന്ന് രക്ഷിക്കാൻ എല്ലാ രാത്രിയിലും ഉറങ്ങാൻ കിടക്കുമ്പോൾ ആയതുൽ കുർസിയും സൂറത്തുൽ ഫലഖും സൂറത്തുന്നാസും കൃത്യമായി ഓതുക. എല്ലാ നമസ്കാരങ്ങൾക്കു ശേഷവും അല്ലാഹുവിനോട് പ്രാർഥിക്കുക. ഭാര്യമാരെ തെരഞ്ഞെടുക്കുമ്പോൾ മന്ദബുദ്ധികളാവാതിരിക്കാൻ യുവാക്കളെ ബോധവൽക്കരിക്കുക. യഥാസമയം ടി.വി ഓഫാക്കാൻ മക്കളെ ശട്ടം കെട്ടുക. ■